ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.09.2025** പ്രധാന വാർത്തകൾ **TIME : 07.25 AM**

1. 2047-ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സ്വാശ്രയ രാഷ്ട്രമായി ഇന്ത്യ മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi wants India to become a self-reliant nation to achieve the goal of Vikasit Bharat by 2047.**

2. **H1-B** വിസയ്ക്ക് ഫീസ് ഏർപ്പെടുത്തിയ അമേരിക്കൻ നടപടി പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് ഇന്ത്യ.

   **India says the US move to impose fees on H1-B visas will have repercussions.**

3. വ്യാപാര കരാർ സംബന്ധിച്ച ആദ്യ ഘട്ട ചർച്ചകൾക്കായി കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ നാളെ അമേരിക്ക സന്ദർശിക്കും.

   **Union Minister Piyush Goyal will visit the US tomorrow for the first phase of talks on the trade agreement.**

4. രണ്ട് പതിറ്റാണ്ടിന് ശേഷം ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം കേരളത്തിലെത്തിച്ച് മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ. അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ.

Malayalam's great actor Mohanlal brings the Dadasaheb Phalke Award to Kerala after two decades. The Prime Minister and Chief Minister, among others, congratulated him.

5. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

   India will face Pakistan in the Asia Cup Cricket Super Four today.

☸☸☸☸☸☸☸☸☸☸☸☸☸

## PM-GUJARAT (INTRO)

ആത്മനിർഭർ ഭാരതത്തിന് ഊന്നൽ നൽകി വിദേശരാജ്യങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് രാജ്യം മറികടക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സെമികണ്ടക്ടർ ചിപ്പുകൾ മുതൽ കപ്പലുകൾ വരെയുള്ള എല്ലാ മേഖലകളിലും ആഭ്യന്തര ഉൽപ്പാദനത്തിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. ഗുജറാത്തിലെ ഭാവ്നഗറിൽ നടന്ന 'സമുദ്ര സേ സമൃദ്ധി' പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്)

140 കോടി ഇന്ത്യക്കാരുടെ ഭാവി ബാഹ്യശക്തികളുടെ കൈകളിൽ ഏൽപ്പിക്കാൻ കഴിയില്ലെന്നും, ദേശീയ വികസനം വിദേശ ശക്തികളെ ആശ്രയിച്ചാകാൻ പാടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ, ലോകത്തിന് മുന്നിൽ ഒരു സ്വാശ്രയ രാഷ്ട്രമായി ഇന്ത്യ മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ശ്രീ മോദി പറഞ്ഞു.

*******************************

## MEA-US H1B VISA

യുഎസ് H1-B വിസയ്ക്ക് ഒരു ലക്ഷം ഡോളർ ഫീസ് ഏർപ്പെടുത്തിയ അമേരിക്കയുടെ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിക്കുകയാണെന്ന് ഇന്ത്യ. ഈ നടപടി പ്രത്യാഘാതങ്ങളുണ്ടാക്കാൻ സാധ്യതയുണ്ടെന്നും വിദേശകാര്യ മന്ത്രാലയം ചൂണ്ടിക്കാട്ടി. ഇന്ത്യയിലെയും യുഎസിലെയും വ്യവസായങ്ങൾക്ക് മുന്നോട്ട് പോകാനുള്ള മികച്ച മാർഗം കണ്ടെത്താൻ ഇരുകൂട്ടരും കൂടിയാലോചന നടത്തുമെന്നും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു. ഈ പ്രതിസന്ധി പൗരൻമാരുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിഗണിച്ച് യുഎസ് ഉചിതമായ നടപടിയെടുക്കുമെന്നാണ് ഇന്ത്യ പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കഴിഞ്ഞ വെള്ളിയാഴ്ചയാണ് വിദഗ്ദ്ധരായ വിദേശ തൊഴിലാളികൾക്കുള്ള H1-B വിസ അപേക്ഷകൾക്ക് ഒരു ലക്ഷം ഡോളർ ഫീസ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ ഒപ്പുവെച്ചത്. ഈ ഉത്തരവ് ഇന്ന് പ്രാബല്യത്തിൽ വരും. അതിനിടെ, അടുത്ത 24 മണിക്കൂറിനുള്ളിൽ അമേരിക്കയിലേക്ക് മടങ്ങുന്ന ഇന്ത്യൻ പൗരന്മാർക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകാൻ ബന്ധപ്പെട്ടവർക്ക് കേന്ദ്ര സർക്കാർ നിർദേശം നൽകി.

*******************************

## HM-PVT CHANNEL INTERVIEW

അടുത്ത വർഷം മാർച്ചോടെ രാജ്യത്ത് നിന്ന് നക്സലിസം പൂർണ്ണമായി ഇല്ലാതാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളും നക്സൽ ബാധിത പ്രദേശങ്ങളും ഉൾപ്പെടെയുള്ള മൂന്ന് പ്രധാന മേഖലകളിലെ അക്രമ സംഭവങ്ങൾ, കഴിഞ്ഞ

പത്ത് വർഷത്തിനിടെ 75% കുറഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത് കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളുടെ ഫലമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*******************************

## GOYAL-US

കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ പ്രതിനിധി സംഘത്തോടൊപ്പം നാളെ അമേരിക്ക സന്ദർശിക്കും. വ്യാപാര കരാർ സംബന്ധിച്ച ആദ്യ ഘട്ട ചർച്ചകൾക്കായിട്ടാണ് സന്ദർശനമെന്നു വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. സെപ്റ്റംബർ 16 ന് യു എസ്സ് വ്യാപാര പ്രതിനിധി സംഘം ഇന്ത്യയിലെത്തുകയും വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയതായും മന്ത്രാലയം വ്യക്തമാക്കി.

*******************************

## MOHANLAL-AWARD (INTRO)

രണ്ട് പതിറ്റാണ്ടിന് ശേഷം ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം കേരളത്തിലെത്തിച്ച് മലയാളത്തിന്റെ മഹാനടൻ മോഹൻലാൽ. 2023 ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ് മോഹൻലാലിന് നൽകുമെന്ന് കേന്ദ്രസർക്കാർ ഇന്നലെ പ്രഖ്യാപിച്ചു. ദാദാസാഹിബ് ഫാൽക്കെ അവാർഡ് സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് തീരുമാനം. നാല് പതിറ്റാണ്ടിലേറെ നീണ്ട അഭിനയജീവിതത്തിലെ സമാനതകളില്ലാത്ത പ്രകടനവും മലയാള സിനിമയ്ക്കും ഇന്ത്യൻ സിനിമയ്ക്കും നൽകിയ സംഭാവനകളും മുൻനിർത്തിയാണ് പുരസ്കാരം. പുരസ്കാര നേട്ടത്തിൽ അഭിമാനമുണ്ടെന്നും എല്ലാവരോടും നന്ദി പറയുന്നതായും മോഹൻലാൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

2025 സെപ്റ്റംബർ 23 ന് നടക്കുന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുഖ്യമന്ത്രി പിണറായി വിജയനും ഉൾപ്പെടെയുള്ള രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രമുഖർ മോഹൻലാലിന് അഭിനന്ദനമറിയിച്ചു. ഇതിനു മുമ്പ് മലയാളത്തിൽ നിന്ന് 2004-ൽ അടൂർ ഗോപാലകൃഷ്ണനാണ് ഫാൽക്കെ അവാർഡ് നേടിയത്.

*******************************

## GOYAL-INITIATIVES

ഇന്ത്യൻ ലോജിസ്റ്റിക്സ് ചെലവുകൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ന്യൂഡൽഹിയിൽ പുറത്തിറക്കി. വിവിധ ഗതാഗത മാർഗ്ഗങ്ങൾ, ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ലോജിസ്റ്റിക്സ് ചെലവുകൾ ഈ റിപ്പോർട്ട് വിശദമായി വിലയിരുത്തുന്നു. രാജ്യത്ത് ബിസിനസ് ചെയ്യുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിനും ലോജിസ്റ്റിക്സ് കൂടുതൽ മത്സരക്ഷമമാക്കുന്നതിനും സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയതായി റിപ്പോർട്ട് പുറത്തിറക്കിയ ശേഷം ശ്രീ ഗോയൽ പറഞ്ഞു. "മേക്ക് ഇൻ ഇന്ത്യ" ആഘോഷങ്ങളുടെ പത്താം വാർഷികത്തോട് അനുബന്ധിച്ച്, ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം 3.0-യ്ക്കും ലോജിസ്റ്റിക്സ് ഡാറ്റാ ബാങ്ക് 2.0-യ്ക്കും അദ്ദേഹം തുടക്കം കുറിച്ചു. മേക്ക് ഇൻ ഇന്ത്യ സംരംഭത്തിന്റെ ഒരു ദശാബ്ദം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒരു മേക്ക് ഇൻ ഇന്ത്യ സ്മാരക നാണയവും അദ്ദേഹം

*******************************

## INTERNATIONAL DAY OF PEACE

ഇന്ന് ലോക സമാധാന ദിനം. 1981-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് സെപ്റ്റംബർ 21 ലോക സമാധാന ദിനമായി

പ്രഖ്യാപിച്ചത്. സമാധാനപരമായ ലോകത്തിനായി ഇപ്പോൾ പ്രവർത്തിക്കുക എന്നതാണ് ഈ വർഷത്തെ സന്ദേശം.

*******************************

## CHALO JEETE HAIN-SCREENING

ദേശീയ അവാർഡ് നേടിയ ചലച്ചിത്രം 'ചലോ ജീതേ ഹെൻ' രാജ്യത്തുടനീളമുള്ള ലക്ഷക്കണക്കിന് സ്കൂളുകളിലും, 500-ഓളം സിനിമാ തിയേറ്ററുകളിലും പ്രദർശിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75-ാം ജന്മദിനം പ്രമാണിച്ചാണ് പ്രദർശനം. പ്രധാനമന്ത്രിയുടെ കുട്ടിക്കാലത്തെ ആസ്പദമാക്കിയുള്ളതാണ് ഈ ചിത്രം. സ്വാമി വിവേകാനന്ദന്റെ തത്ത്വചിന്തകളിൽ ആകൃഷ്ടനായ ഒരു കുട്ടിയുടെ കഥയാണ് സിനിമ പറയുന്നത്. 2018-ൽ പുറത്തിറങ്ങിയ ചിത്രമാണ് ചലോ ജീതേ ഹെൻ. ഈ മാസം 17-ന് ആരംഭിച്ച പ്രത്യേക പ്രദർശനം ഒക്ടോബർ 2 വരെ തുടരും.

*******************************

## GST-RAILWAYS

ജി എസ് ടി നിരക്കുകൾ കുറച്ചതിന്റെ ഭാഗമായി ട്രെയിനുകളിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും ലഭിക്കുന്ന പാക്ക് ചെയ്ത കുടിവെള്ളത്തിന്റെ വില കുറയ്ക്കാൻ നിർദേശിച്ച് റെയിൽവേ മന്ത്രാലയം. റെയിൽ നീർ ഉൾപ്പെടെയുള്ള കുടിവെള്ളത്തിന്റെ വില ഒരു ലിറ്ററിന് 15 രൂപയിൽ നിന്ന് 14 രൂപയായി കുറയും. 500 മില്ലി ലിറ്ററിന് 10 രൂപയിൽ നിന്നും ഒൻപത് രൂപയായും കുറയും.

*******************************

## SEVA PARV - SIMPLER TAXES AND ASSURED PENSION (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ നികുതി ഇളവുകളും പെൻഷൻ പദ്ധതികളും ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

*(മ്യൂസിക്)*

*കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ രാജ്യത്തെ ആദായ നികുതി നിരക്ക് കുറയ്ക്കുന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനം ജനജീവിതത്തിൽ ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാക്കിയത്. 2025–26 ലെ കേന്ദ്ര ബജറ്റിലെ പുതിയ നികുതി പരിഷ്കാരങ്ങൾ മധ്യവർഗത്തെ ദേശീയ വളർച്ചയുടെ ഒരു സ്തംഭമായി മാറ്റാൻ ശ്രമിക്കുന്നതിന്റെ സൂചനയാണ്. പ്രതിവർഷം 12 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് ആദായനികുതി നൽകേണ്ടതില്ല എന്നതാണ് മറ്റൊരു പ്രധാന തീരുമാനം. കേന്ദ്ര ബജറ്റ് അവതരണത്തിനു ശേഷം ദരിദ്രർക്കും ഇടത്തരക്കാർക്കും സർക്കാർ നികുതി ഇളവ് ഉറപ്പാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരുന്നു.*

*(പിഎം വോയിസ്)*

*കഴിഞ്ഞ വർഷം ഓഗസ്റ്റിൽ കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച ഏകീകൃത പെൻഷൻ പദ്ധതി സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു പ്രധാന നടപടിയായി.*

*(മ്യൂസിക്)*

********************************

## ASIA CUP CRICKET

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. ദുബായിൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. പ്രാഥമിക റൗണ്ടിൽ ഇരുടീമുകളും ഏറ്റുമുട്ടിയപ്പോൾ ഇന്ത്യക്കായിരുന്നു വിജയം. സൂപ്പർ ഫോർ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്നലെ ബംഗ്ലാദേശ് ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

*******************************

## WOMEN ODI

ഇന്ത്യക്കെതിരായ മൂന്ന് മത്സരടങ്ങിയ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഓസ്ട്രേലിയ 2-1 ന് സ്വന്തമാക്കി. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന അവസാന മത്സരത്തിൽ ഓസ്ട്രേലിയ 43 റൺസിനാണ് ഇന്ത്യയെ പരാജയപ്പെടുത്തിയത്. 413 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 47 ഓവറിൽ 369 റൺസിന് പുറത്തായി.